# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **5347** **25/10/2011**-ൽ മറുപടിക്ക്

## സർക്കാർ ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലെ അദ്ധ്യാപകർ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി. തിലോത്തമൻ** | **ശ്രീ. പി.കെ. അബ്ദു റബ്ബ്**<br>**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) സർക്കാർ വിദ്യാലയങ്ങളിലെ പഠന നിലവാരം മെച്ചപ്പെടുത്തുവാനും കൂടുതൽ വിദ്യാർത്ഥികളെ സർക്കാർ വിദ്യാലയങ്ങളിൽ എത്തിക്കുവാനും ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) സർക്കാർ 01.10.2011-ൽ പുറപ്പെടുവിച്ച ജി.ഒ.(പി) നമ്പർ 199/11/പൊ.വി. പ്രകാരമുള്ള വിദ്യാഭ്യാസ പാക്കേജ് സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിലെ പഠന നിലവാരം മെച്ചപ്പെടുത്താൻ കൂടി ഉദ്ദേശിച്ചിട്ടുള്ളതാണ്. ഈ ഉത്തരവ് പ്രകാരം അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1 മുതൽ 4 വരെ ക്ലാസുകളിൽ 1:30 ആയും 5 മുതൽ 10 വരെ ക്ലാസുകളിൽ 1:35 ആയും പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. അദ്ധ്യാപക പരിശീലനങ്ങളും തുടർ പരിശീലനങ്ങളും കൂടുതൽ കാര്യക്ഷമമായി നടത്തി വരുന്നു. യഥാസമയം പാഠ പുസ്തക വിതരണം പൂർത്തിയാക്കുകയും 8-ാം ക്ലാസുവരെയുള്ള എല്ലാ വിഭാഗം കുട്ടികൾക്കും സൗജന്യമായി പാഠ പുസ്തകങ്ങൾ നൽകുകയും ചെയ്യുന്നു. ഉച്ചഭക്ഷണ പരിപാടി ഗുണ നിലവാരം മെച്ചപ്പെടുത്തി കാര്യക്ഷമമായി നടത്തി വരുന്നു. സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെടുത്തിയിട്ടുണ്ട്. |
| (ബി) സർക്കാർ ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് മലയാളം മീഡിയം വിദ്യാലയങ്ങളിലെ അദ്ധ്യാപകരെക്കാൾ എന്തെങ്കിലും അധിക യോഗ്യത ആവശ്യമായുണ്ടോ എന്നു വെളിപ്പെടുത്തുമോ; | (ബി) അധിക യോഗ്യത ആവശ്യമില്ല. |

| | | | |
|---|---|---|---|
| (സി) | ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് അധികമായി പരിശീലനം നൽകുന്നുണ്ടോ; ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിൽ ഭാഷേതര വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അദ്ധ്യാപകർ ഇംഗ്ലീഷ് ഭാഷയിൽ പഠിപ്പിക്കുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചി ട്ടുള്ളത്; | (സി) | ഇംഗ്ലീഷ് മീഡിയം അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകാറില്ല. ഭാഷേതര വിഷയങ്ങളിൽ ഇംഗ്ലീഷ് മീഡിയം അദ്ധ്യാപകർ നേരിടുന്ന പ്രശ്നങ്ങൾ എല്ലാ മാസവും നടക്കുന്ന അദ്ധ്യാപക തുടർ ശാക്തീ കരണത്തിൽ (Cluster Training) ചർച്ച ചെയ്ത് പരിഹരിക്ക പ്പെടാവുന്നതാണ്. |
| (ഡി) | സർക്കാർ വിദ്യാലയങ്ങളിൽ മലയാളം, ഇംഗ്ലീഷ്, ഹിന്ദി തുടങ്ങിയ ഭാഷകൾ കൈകാര്യം ചെയ്യുന്ന അദ്ധ്യാപകർക്ക് അതാതു വിഷയങ്ങളിൽ നിശ്ചിത യോഗ്യതകളും പരിശീല നവും ലഭിച്ചിട്ടുണ്ടോ; | (ഡി) | ഉണ്ട് |
| (ഇ) | ഇല്ലെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിക്കുമെന്നു വ്യക്തമാക്കുമോ? | (ഇ) | ബാധകമല്ല. |

**സെക്ഷൻ ഓഫീസർ.**